▶ സൈക്കിളിൽനിന്ന് വൈദ്യുതി

# സ്കൂൾ വിദ്യാർഥിയുടെ പ്രബന്ധത്തിന് ആഗോള സമ്മേളനത്തിൽ അംഗീകാരം

കൊല്ലം > രാജ്യം നേരിടുന്ന ഊർജ്ജ പ്രതിസന്ധിക്കും വൈദ്യുതി ക്ഷാമത്തിനും പരിഹാരം നിർദ്ദേശിച്ച് കേരളത്തിൽ നിന്നുള്ള സ്കൂൾ വിദ്യാർഥി. അമേരിക്കയിൽ നടന്ന സാങ്കേതിക വിദഗ്ധരുടെ ആഗോള സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധത്തിന് ശാസ്ത്ര ലോകത്തിന്റെ അംഗീകാരം. പുതിയകാവ് അമൃത വിദ്യാലയത്തിലെ പ്ലസ്‌വൺ വിദ്യാർഥി എസ് അമൃതാനന്ദാണ് സാങ്കേതിക വിദഗ്ധരുടെ രാജ്യാന്തര സംഘടനയായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനിയേഴ്സിന്റെ അമേരിക്കയിൽ നടന്ന സമ്മേളനത്തിൽ പ്രബന്ധം അവതരിപ്പിച്ച് ശ്രദ്ധേയനായത്.



എസ് അമൃതാനന്ദ് അമേരിക്കയിൽ പ്രബന്ധം അവതരിപ്പിക്കുന്നു

വൈദ്യുതിയെത്താത്ത ഭാരതീയ ഗ്രാമങ്ങൾക്ക് അനുഗ്രഹമാകുന്ന കണ്ടെത്തലാണ് അമൃതാനന്ദ് ഗവേഷകർക്ക് മുമ്പിൽ അവതരിപ്പിച്ചത്. ലോകമെങ്ങും നിന്നുള്ള ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ധരും ഗവേഷക വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്ത സമ്മേളനത്തിൽ പ്രബന്ധം അവതരിപ്പിച്ച ഏറ്റവും പ്രായം കുറഞ്ഞ ഗവേഷകനാണ് പതിനാറുകാരനായ അമൃതാനന്ദ്. അമേരിക്കയിലെ സിയാറ്റിലിൽ നടക്കുന്ന സമ്മേളനത്തിൽ വെള്ളിയാഴ്ചയാണ് അമൃതാനന്ദ് തന്റെ കണ്ടെത്തൽ വിശദീകരിച്ചത്. ലളിതമായ ഒരു ശാസ്ത്ര തത്വത്തെ ഗ്രാമീണ ഭാരതത്തിനാകെ വെളിച്ചമേകാൻ കഴിയുന്ന തരത്തിലുള്ള പ്രായോഗിക സംവിധാനമാക്കി വികസിപ്പിച്ച അനുഭവമാണ് അമൃതാനന്ദ് പങ്കുവച്ചത്.

ഇന്ത്യയിലെ 18, 452 ഗ്രാമങ്ങളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. സൈക്കിളിന്റെ സഹായത്തോടെ വൈദ്യുതി എത്തിക്കാനാകുമെന്ന ആശയമാണ് അമൃതാനന്ദും സംഘവും പ്രയോഗവത്ക്കരിച്ചത്. രാജ്യത്താകമാനം ഗ്രാമീണമേഖലയിൽ പ്രതിവർഷം 25 ലക്ഷം സൈക്കിളുകളാണ് വിറ്റുപോകുന്നത്. കൃഷിയിടങ്ങളിലേക്കും പണിശാലകളിലേക്കും സൈക്കിൾ ചവിട്ടിപ്പോകുന്ന ഗ്രാമീണർ അവർ അറിയാതെ തന്നെ സ്വന്തം വീടുകളിൽ വൈദ്യുതി എത്തിച്ച് ഊർജ്ജോൽപാദകരാകുന്ന പ്രവർത്തന മാതൃക സദസ്സിന്റെ അംഗീകാരം നേടി.

യാന്ത്രികോർജവും സൗരോർജവും വൈദ്യുതോർജമാക്കി മാറ്റി സംഭരിച്ച് ഉപയോഗിക്കാവുന്ന പ്രായോഗിക മാതൃകയാണ് അമൃതാനന്ദും സംഘവും പരീക്ഷിച്ച് വിജയിച്ചത്. അമൃത സ്കൂൾ ഓഫ് എഞ്ചിനീയറിങ് സെന്റർ ഫോർ വയർലെസ് നെറ്റ് വർക്ക് ആന്റ് ആപ്ലിക്കേഷൻസിലെ വിദ്യാർഥികളായ പി ദിവ്യ, യു ജി ഗോഷ്, ടിനു വിനോദ് എന്നിവരും ഗവേഷണത്തിൽ അമൃതാനന്ദിനൊപ്പം ഉണ്ടായിരുന്നു. അമൃത സെന്റർ ഫോർ വയർലെസ് നെറ്റ് വർക്ക് ആന്റ് ആപ്ലിക്കേഷൻസ് ഡയറക്ടർ മനീഷ സുധീറിന്റെ മകനാണ് എസ് അമൃതാനന്ദ്. അമൃത ലിവ് ഇൻ ലാബിൽ നിന്നുള്ള മറ്റ് അഞ്ച് ഗവേഷണ പ്രബന്ധങ്ങളും അമൃത വികസിപ്പിച്ച ഓഷ്യൻ നെറ്റ് സംവിധാനത്തെക്കുറിച്ചുള്ള പ്രബന്ധവും സമ്മേളനത്തിൽ അവതരിപ്പിച്ചു.

Scanned by CamScanner